## പതിമൂന്നാം കേരളനിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3920 15.12.2014 ന് മറുപടിയ്ക്ക്.

## കാട്ടുമൃഗങ്ങൾ കൃഷി നശിപ്പിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുകയും മനുഷ്യജീവന് ഭീഷണി ഉണ്ടാവുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മുൻപെങ്ങും ഇല്ലാത്ത രീതിയിൽ കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങാൻ ഉണ്ടായ കാരണം അറിയുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചതിന്റെ വിവിധ കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br>1. വനപാർശ്വ ഗ്രാമങ്ങളിലേയും മലയോര പട്ടണങ്ങളിലേയും ഉയർന്ന ജനസാന്ദ്രതയും, നഗരവത്ക്കരണവും.<br>2. വനഭൂമി വനേതര വികസനാവശ്യങ്ങൾക്കായും, വ്യാവസായിക ഏകവിളത്തോട്ടങ്ങൾക്കായും വിനിയോഗിക്കേണ്ടി വന്നതിനാൽ വന്യജീവി ആവാസ വ്യവസ്ഥയിലുണ്ടായ അധിക സമ്മർദ്ദം.<br>3. ഫലപ്രദമായ സംരക്ഷണത്തിന്റെ ഭാഗമായി വന്യമൃഗങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്.<br>4. വനാതിർത്തിക്കുള്ളിൽ വന്യജീവികളെ ആകർഷിക്കുന്ന രീതിയിലുള്ള കൃഷിരീതികൾ<br>5. വനത്തിനുള്ളിൽ ഉണ്ടാകുന്ന ജല-ഭക്ഷണ ദൗർലഭ്യം<br>6. വനത്തിനുള്ളിലെ കന്നുകാലി മേച്ചിൽ<br>7. വന്യമൃഗങ്ങളുടെ സ്വാഭാവിക സഞ്ചാരപഥത്തിന് വിഘ്നം നേരിടുന്നതുമൂലം. |
| (ബി) കാട്ടുപന്നി ഉൾപ്പെടെയുള്ള മൃഗങ്ങൾ നാട്ടിലിറങ്ങി കൃഷി നശിപ്പിച്ചാൽ ഇവയെ കൊല്ലാൻ കർഷകന് അനുവാദം ഉണ്ടോ; ഉണ്ടെങ്കിൽ അതിന് എന്തെങ്കിലും നിബന്ധനകൾ ബാധകമാണോ; ആണെങ്കിൽ എന്തൊക്കെ നിബന്ധനകളാണ് കർഷകർ പാലിക്കേണ്ടത് ; | (ബി) സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളിൽ ഗണ്യമായ പങ്ക് വഹിക്കുന്ന കാട്ടുപന്നികളെ സ്വന്തം കൃഷിയിടത്തിൽ വച്ച് ലൈസൻസ് ഉള്ള തോക്കുപയോഗിച്ച് വെടിവെച്ചോ അല്ലാതെയോ വേട്ടയാടുന്നതിന് കർഷകർക്ക് 17.11.2014-ലെ സ.ഉ (എം.എസ്) നം.95/2014/വനം പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവാദം നൽകിയിട്ടുണ്ട്.<br>1. കൃഷിയിടത്തിൽ വെച്ച് വേട്ടയാടിയ കാട്ടുപന്നിയെ/ കാട്ടുപന്നികളെ ജീവനോടെയോ, അല്ലാതെയോ അധികാരാതിർത്തിയിലുള്ള വനം വകുപ്പ് ഉദ്യോഗസ്ഥനെ 24 മണിക്കൂറിനകം ഏൽപ്പിച്ച് കൊടുക്കണം.<br>2. വേട്ടയാടുന്നതിന് ഉപയോഗിച്ച ആയുധം സ്വതന്ത്ര സാക്ഷികൾ സഹിതം പരിശോധനയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ 24 മണിക്കൂറിനകം ഹാജരാക്കേണ്ടതാണ്. |

3. കാട്ടുപന്നിയെ വെടിവെച്ച കൊന്നാൽ ഫോറസ്റ്റർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ രണ്ട് പൊതുജനങ്ങളുടെ സാന്നിദ്ധ്യത്തിൽ മഹസർ തയ്യാറാക്കേണ്ടതാണ്.

4. വെടിവെച്ച് കൊല്ലുന്ന കാട്ടുപന്നിയുടെ മാംസം ഭക്ഷണ ആവശ്യത്തിനോ മറ്റെന്തെങ്കിലും ആവശ്യത്തിനോ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

5. കൊല്ലപ്പെടുന്ന പന്നിയുടെ ജഡത്തിൽ മണ്ണെണ്ണ ഒഴിച്ച് മൂന്നടി താഴ്ചയുള്ള കുഴിയിൽ അടക്കം ചെയ്യേണ്ടതോ, കത്തിച്ച് കളയേണ്ടതോ ആണ്.

6. ഇത്തരം കേസ്സുകൾ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ഉടനടി അറിയിക്കേണ്ടതാണ്.

7. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും സ്ഥലം എം.എൽ.എ-യും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിനേയും കർഷക സംഘടനാ പ്രതിനിധികളേയും തദ്ദേശീയരായ സർക്കാരിതര സന്നദ്ധ സംഘടനകളുടെ പ്രതിനിധികളേയും ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ഈ കമ്മിറ്റി കാട്ടുപന്നികളെ വെടിവെച്ച് കൊന്നാൽ ഈ പ്രശ്നം സംബന്ധിച്ച് വിലയിരുത്തൽ നടത്തേണ്ടതുമാണ്.

വിളനാശമുണ്ടാക്കുന്ന കാട്ടുപന്നികളെ ഇപ്രകാരം വെടിവെച്ച് കൊല്ലുന്നതു താഴെ പറയുന്ന നിബന്ധനകൾക്കും കൂടി വിധേയമായിട്ടാണ്.

1. കയ്യേറിയ റഗുലറൈസ് ചെയ്യപ്പെടാത്ത വനഭൂമിയിൽ കാട്ടുപന്നികളെ ഇപ്രകാരം വെടിവെച്ച കൊല്ലുവാൻ പാടുള്ളതല്ല.
2. മുലയൂട്ടുന്ന പന്നികളെ യാതൊരു കാരണവശാലും വെടിവെച്ച് കൊല്ലാൻ പാടുള്ളതല്ല.
3. ഒരു കാട്ടുപന്നിയെ വെടിവെയ്ക്കാനൊരുങ്ങുമ്പോൾ അത് വനത്തിലേക്ക് രക്ഷപ്പെട്ടാൽ യാതൊരു കാരണവശാലും വനത്തിനകത്ത് കയറി വെടിവയ്ക്കാൻ പാടില്ലാത്തതാണ്.
4. വെടിവെച്ച കൊല്ലപ്പെടുന്ന പന്നിയെ വനംവകുപ്പ് തന്നെ സംസ്കരിക്കുന്നതായിരിക്കും.

(സി) നാട്ടിലിറങ്ങി കൃഷി നശിപ്പിക്കാൻ ശ്രമിച്ച കാട്ടുമൃഗങ്ങളെ കൊന്നതിന് കഴിഞ്ഞ ഒരു വർഷത്തിനിടെ കർഷകരുടെ പേരിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്കെതിരെ ഇത്തരത്തിൽ കേസ്സെടുത്തു എന്ന് വ്യക്തമാക്കാമോ?

(സി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ രണ്ടു കാട്ടാനകളെ വൈദ്യുതാഘാതമേൽപ്പിച്ച കൊന്നതിന് രണ്ടു പേർക്കെതിരായും ഒരു കാട്ടുപന്നിയെ കൊന്നതിന് രണ്ടു പേർക്കെതിരായും കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.